നവോദയ വിദ്യാലയങ്ങളിൽ പ്രവേശനം നൽകാനുള്ള മാനദണ്ഡം

17 [*266] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവോദയ വിദ്യാലയങ്ങളിൽ വിദ്യാർത്ഥി പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാർത്ഥി പ്രവേശനത്തിന് പഞ്ചായത്ത് പ്രദേശങ്ങളെത്തന്നെ റൂറൽ എന്നും അർബൻ എന്നും വേർതിരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചില ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവർക്ക് അർബൻ പ്രദേശം എന്ന കാരണം പറഞ്ഞ് അഡ്മിഷൻ നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കേന്ദ്ര സർക്കാർ നടത്തുന്ന നവോദയ വിദ്യാലയങ്ങളിലെ ആറാം സ്റ്റാൻഡേർഡിൽ പ്രവേശനത്തിനായി എല്ലാ വർഷവും പരീക്ഷ നടത്തിവരുന്നു. പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ 3, 4, 5 എന്നീ ക്ലാസുകളിൽ തോൽക്കാതെ അംഗീകൃത സ്കൂളുകളിൽ പഠിച്ച വിദ്യാർത്ഥികളായിരിക്കണം. മെന്റൽ എബിലിറ്റി, കണക്ക്, ഇംഗ്ലിഷ് എന്നിവയുൾപ്പെട്ട 100 മാർക്കിനുള്ള ചോദ്യാവലിയായിരിക്കും പരീക്ഷയ്ക്കുണ്ടാകുക. അഞ്ചാം ക്ലാസ് വരെ അപേക്ഷകൻ പഠിച്ചിരുന്ന സ്കൂളുകൾ സ്ഥിതിചെയ്തിരുന്ന സ്ഥലം ഗ്രാമമോ, നഗരമോ എന്നതിനെ അടിസ്ഥാനമാക്കിയാണ് കുട്ടികളെ തരംതിരിക്കുക. ഗ്രാമപ്രദേശങ്ങളിൽനിന്നും 75%-ഉം നഗരപ്രദേശങ്ങളിൽനിന്നും 25%-ഉം കുട്ടികളെയാണ് പരീക്ഷയിലെ മികവിന്റെ അടിസ്ഥാനത്തിൽ നവോദയ സ്കൂൾ പ്രവേശനത്തിന് തെരഞ്ഞെടുക്കുക. കുട്ടികൾ അതാത് ജില്ലയിലെ നവോദയ സ്കൂളിലേയ്ക്കാണ് അപേക്ഷിക്കേണ്ടത്.

(ബി) ഇല്ല.

(സി) ഇല്ല.

സ്കൂൾ-കോളേജ് പാഠ്യപദ്ധതി പരിഷ്ക്കരിക്കാൻ നടപടി

18 [*267] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ-കോളേജ് പാഠ്യപദ്ധതി തദ്ദേശീയ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാലഘട്ടത്തിനും ദേശത്തിനും ഉപയുക്തമായ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സുനാമി പോലുള്ള പ്രതിഭാസങ്ങളെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി സ്കൂൾ-കോളേജ് തലത്തിൽ നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly